# കോച്ച് ഫാക്ടറി സ്ഥലമെടുപ്പ് :
# കുപ്രചരണങ്ങളുടെ തേരോട്ടം

പി. എം. രവീന്ദ്രൻ

**വി**കസനം എന്നത് അധികാരത്തിലിരിക്കുന്നവരുടെ വ്യക്തിപരമായ വികസനം എന്ന നിലയിലേക്ക് അധഃപതിച്ച ഒരു അവസ്ഥയാണ് നമുക്കു ചുറ്റും കാണുന്നത്. അതിന്റെ ഏറ്റവും പുതിയ ഉദാഹരണമാണ് കഞ്ചിക്കോട്ടെ റെയിൽ കോച്ച് ഫാക്ടറിക്കുവേണ്ടിയുള്ള സ്ഥലമെടുപ്പ് സംബന്ധിച്ചുള്ള വിവാദങ്ങൾ മിക്കയിടങ്ങളിലും പ്രദേശവാസികളല്ല പുറത്തുനിന്നുള്ളവരാണ് പ്രശ്നം ഉണ്ടാക്കുന്നത് എന്നാണ് സ്വാർത്ഥതൽപരരായ ഈ അധികാരി വൃന്ദം പറഞ്ഞുപരത്തുന്ന ഒരു നുണ. കോടതിയിൽ കേസ് ഫയൽ ചെയ്യുന്നതിന് വക്കീലിനെ കുറ്റപ്പെടുത്തുന്നതിന് തുല്യമാണ് ഈ കുപ്രചരണം. ഇത് വെറും മൂഢത്വമല്ല. കരുതിക്കൂട്ടിയുള്ള വഞ്ചനയാണ്. വികസനത്തെ എതിർക്കുന്നവർ മൂഢന്മാർ ആകാനെ വഴിയുള്ളു. പക്ഷെ സാക്ഷര കേരളത്തിൽ, പ്രബുദ്ധകേരളത്തിൽ അത്തരം മൂഢന്മാർ വിരളമാണെന്ന് സമ്മതിക്കാതെ നിവൃത്തിയില്ല. ഇവിടെ വികസനത്തിനാരും എതിരല്ല. പക്ഷെ പ്രശ്നം വികസനത്തിന്റെ പേരിൽ നടത്തുന്ന വഞ്ചനയാണ്. കോച്ച് ഫാക്ടറിയുടെ കാര്യത്തിൽ സ്ഥലമെടുപ്പിന്റെ പേരിൽ വഴിയാധാരമാകാൻ പോകുന്ന ഭീഷണി നേരിടുന്നത് 700 ഓളം കുടുംബങ്ങളാണ്. ഇതിൽ പലരും 30 വർഷങ്ങൾക്ക് മുൻപ് കഞ്ചിക്കോട്ടെ വ്യവസായ മേഖലക്ക് സ്ഥലമെടുപ്പ് നടത്തിയപ്പോൾ കുടിയൊഴിക്കപ്പെട്ടവരാണ്. ആ ദുരന്തത്തിന്റെ അനുഭവം നൽകിയ പാഠമാണ് ഇപ്പോഴത്തെ ചെറുത്ത് നിൽപ്പിന്റെ ഒരേ ഒരു ശക്തി എന്നു പറയുന്നതിൽ തീരെ അതിശയോക്തിയില്ല. ഈ വസ്തുതക്കൊപ്പം ഒരു വഞ്ചന കൂടിയുണ്ട്. ഈ പുരയിടങ്ങളും അവയിൽ താമസിക്കുന്ന ചെറുകിട കൃഷിക്കാരും അവരുടെ കൃഷിയിട ങ്ങളും ഒഴിവാക്കി കോച്ച് ഫാക്ടറി സ്ഥാപിക്കാൻ വേണ്ടതിലേറെ സ്ഥലം അടുത്തുതന്നെയുണ്ട്. പക്ഷെ തരിശുഭൂമിയാണെങ്കിലും അവയെല്ലാം മന്ത്രിമാരുടേയും മുൻമന്ത്രിമാരുടേയും ബിനാമികളുടെ പേരിലാണ്. കോച്ച് ഫാക്ടറി കൃഷിഭൂമിയിൽ സ്ഥാപിച്ചാൽ ചുറ്റുമുള്ള തരിശുഭൂമിക്ക് ശരിക്കും പൊന്നുംവിലയാകും (സർക്കാരിന്റെ പൊന്നുംവിലയല്ല!) അപ്പോൾ ഒരു വെടിക്ക് രണ്ടുപക്ഷി. കിട്ടുന്നത് സാമൂഹ്യദ്രോഹികൾക്കാണെന്നുമാത്രം!. മൂലമ്പള്ളിയിലെ 30 ഓളം കുടിയൊഴിക്കപ്പെട്ട കുടുംബങ്ങളെ രണ്ടുവർഷത്തിനുശേഷവും പുനരധിവസിപ്പിക്കാതെ വഞ്ചിക്കുന്ന ഭരണാധികാരികൾ, എല്ലാവരേയും എല്ലാവരും എല്ലാകാലത്തേക്കും ആർക്കും വഞ്ചിക്കാനാവില്ലെന്ന പ്രാഥമിക പാഠം പോലും മറന്നതു പോലെയുണ്ട്. സാമം ദാനം, ഭേദം, ദണ്ഡനം, ചതി വഞ്ചന കൊടുചതി എന്നിവയെല്ലാം പയറ്റിനോക്കിയ ഭരണകർത്താക്കൾ ജീവിക്കാനായി ധർമ്മസമരം നടത്തുന്ന സാധാരണ മനുഷ്യരുടെ മുന്നിൽ തോറ്റുതൊപ്പിയിടുന്ന കഥയാണ് വിഴിഞ്ഞം മുതൽ ചെങ്ങറ, മൂലമ്പള്ളി, പ്ലാച്ചിമട, കഞ്ചിക്കോട് എന്നിവിടങ്ങളിൽ വരെ കാണാൻ കഴിയുന്നത്. ഈ സത്യാവസ്ഥ പൊതുജനമദ്ധ്യത്തിൽ അവതരി പ്പിക്കാൻ പത്രധർമ്മം കൈവെടിയാത്ത എത്ര മാധ്യമങ്ങൾ ഉണ്ട്?

*'ആതിര', കൽപ്പാത്തി, പാലക്കാട്*




• books
• magazines
• periodicals

ByWORD
BOOKS

marva plaza, machingal lane
m.g. road, thrissur
Tel. : 0487 3256689,
Mob : 9847764577

for rare and new books